## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3873 — 11.11.2019-ൽ മറുപടിയ്ക്ക്

## **മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.സ്വരാജ്**<br>**ശ്രീ. ജോർജ്.എം.തോമസ്**<br>**ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ.കെ.ആൻസലൻ** | **കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മെഡിക്കൽ കോളേജുകൾ രോഗി സൗഹൃദമാക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിനെ രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാനിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിനായി മാതൃഭൂമി മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മാസ്റ്റർപ്ലാനിന് ഭരണാനുമതി നൽകിയിട്ടില്ല.<br>കോട്ടയം മെഡിക്കൽ കോളേജ് വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് 560 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ആലപ്പുഴ മെഡിക്കൽ കോളേജിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു. ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളേജ് രോഗീസൗഹൃദ ആശുപത്രിയായി മാറ്റുന്നതിന് ആർദ്രം പദ്ധതി പ്രകാരം ഒ.പി നവീകരണത്തിനായി 2.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം രോഗി സൗഹൃദം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകം ശീർഷകത്തിൽ അനുവദിച്ച 2 കോടി രൂപ വിനിയോഗിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശുചി മുറികളുടെ അറ്റകുറ്റപണിയും നവീകരണവും, ഇടനാഴി, രോഗികൾക്കാവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനുള്ള സൗകര്യം, പേഷ്യന്റ് അനൗൺസ്മെന്റ് സിസ്റ്റം എന്നിവ നടപ്പാക്കിയിട്ടുണ്ട്.<br>തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സൂപ്പർ സ്പെഷ്യാലിറ്റി, മദർ ആന്റ് ചൈൽഡ് ബ്ലോക്ക് എന്നിവയുടെ വികസനത്തിന് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ INKEL പദ്ധതി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചു. ഇതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റിക്കായി 277 കോടിയും മദർ ആന്റ് ചൈൽഡ് ബ്ലോക്കിനായി |

| | | | |
|---|---|---|---|
| | | | 285.54 കോടിയും കിഫ്ബി വഴി ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>മഞ്ചേരി മെഡിക്കൽ കോളേജിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പുതിയ സൂപ്പർ സ്പെഷ്യാലിറ്റി, മാതൃ ശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും വേണ്ടി അനുവദിച്ച 368.75 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി INKEL നടപ്പിലാക്കി വരുന്നു. |
| (സി) | മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗത്തിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, എറണാകുളം സർക്കാർ മെഡിക്കൽ കോളേജുകളിൽ നൂതന സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സയ്ക്കുള്ള ആധുനിക സൗകര്യങ്ങൾ സജ്ജീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ഡി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തിനെ ടെറിഷറി ക്യാൻസർ സെന്ററായി ഉയർത്തുകയും അവിടെ ആധുനിക സംവിധാനങ്ങളായ ലീനിയർ ആക്സിലേറ്ററും, ഏറ്റവും നൂതനമായ സംവിധാനങ്ങളെ "true beam" റേഡിയേഷൻ ഉപകരണം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.<br>കോട്ടയം മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തിനെ മിനി ആർ.സി.സി ആക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രണ്ടാമത്തെ ലിനിയർ ആക്സിലറേറ്റർ വാങ്ങുവാനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>ആലപ്പുഴ മെഡിക്കൽ കോളേജിൽ ക്യാൻസർ വിഭാഗത്തിന്റെ വികസനത്തിന്റെ ഭാഗമായി ലീനിയർ ആക്സിലറേറ്റർ, സി.റ്റി. സിമുലേറ്റർ സ്ഥാപിച്ചിട്ടുണ്ട്. മാത്രമല്ല ബാക്കി തെറാപ്പി ഉപകരണം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു.<br>തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേകളിലെ ക്യാൻസർ വിഭാഗങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയ ലീനിയർ ആക്സിലേറ്റർ, സി.റ്റി സിമുലേറ്റർ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ട കെട്ടിടങ്ങളുടെ പണികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളിൽ പുതിയ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനു വേണ്ടിയുള്ള നടപടികളുടെ ഭാഗമായി 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാനിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 25,22,00,000/- (ഇരുപത്തിയഞ്ച് കോടി ഇരുപത്തി രണ്ട് ലക്ഷം രൂപ മാത്രം) രൂപ മുതൽ മുടക്കിൽ നിർമ്മിച്ച പോളീട്രോമാ കെട്ടിടത്തിന്റെ (മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്) പ്രവർത്തനവും, പഠന നിലവാരവും, ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പുതിയ മൾട്ടിഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി, മൾട്ടിഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്, വൈറൽ റിസർച്ച് ആന്റ് ഡയഗ്നോസ്റ്റിക് ലബോറട്ടറി, അനിമൽ ഹൗസ് തുടങ്ങിയവയുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും അത്യാധുനിക മോർച്ചറി സംവിധാനവും പ്രവർത്തിച്ചു വരുന്നു. നവീകരിച്ച കാഷ്വാലിറ്റി ഇതിന്റെ ഭാഗമാണ്.

## കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്

1. കോഴിക്കോട് മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ആർദ്രം പദ്ധതിലുൾപ്പെടുത്തി മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെയും സൂപ്പർസ്പെഷ്യാലിറ്റിയിലെയും OP Block നിർമ്മാണം, ചെസ്റ്റ് ആശുപത്രി, മാതൃശിശു സംരക്ഷണ കേന്ദ്രം, സൂപ്പർസ്പെഷ്യാലിറ്റി എന്നിവിടങ്ങളിലെ വെയിറ്റിങ്ങ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ടോയിലറ്റുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ നവീകരണം, ഫാർമസി കോളേജ്, സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിലേക്കുള്ള റോഡിൽ ഇന്റർലോക്ക് പാകൽ, ഇവിടങ്ങളിലെ ഇലക്ട്രിക്കൽ വർക്ക്, ഒ.പി ബ്ലോക്കിൽ എ.സി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നടന്നു വരുന്നു. കൂടാതെ എൻ.എം.സി.എച്ച്-ലെ ഒ.പി ബ്ലോക്ക് നിർമ്മാണം, വെയിറ്റിങ്ങ് ഏരിയ എന്നിവയും ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.
2. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന് അനുവദിച്ച 2 കോടി രൂപയിൽ ഐ.എം.സി.എച്ച്-ൽ രോഗികൾക്ക് വസ്ത്രം ഉണക്കുവാനിടുന്ന സ്ഥലത്തിന്റെ നിർമ്മാണം, എസ്.ഡി.എസ്.എം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗകൾക്ക് കാത്തിരിപ്പ സ്ഥലത്തിന്റെ നിർമ്മാണം, ഐ.എം.സി.എച്ച്-ലെ ഡൈനിംഗ്ഹാൾ നവീകരണം, രോഗികൾക്കും കൂട്ടിരിപ്പകാർക്കും വേണ്ടി ക്യാമ്പസ്സിലെ ഹോസ്പിറ്റലിനു ചുറ്റുമുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയവയും നടന്നുവരുന്നു. ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഒരു സമുച്ചയത്തിലാക്കി 30000 ഫീറ്റിൽ പുതുതായി ത്രിതീയ ക്യാൻസർ കെയർ സെന്റർ ആരംഭിച്ചു. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 6 കോടി രൂപ ചിലവിൽ അത്യാധുനിക 128 സ്ലൈസ് കാർഡിയോ സി.ടി സ്കാൻ സ്ഥാപിച്ചു. കുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 14 കോടി അനുവദിച്ചു. രോഗികളുടെ രോഗവിവരങ്ങളുടെയും അനുബന്ധ വിവരങ്ങളുടെയും ഡിജിറ്റൽ വൽക്കരണവും ഭാവിയിൽ പഠനഗവേഷണങ്ങൾക്കായി വിവരങ്ങളുടെലഭ്യത ഉറപ്പുവരുത്തുക എന്നിവയ്ക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ്ഇ-ഹെൽത്ത് പദ്ധതി. ഇതിന്റെ ഭാഗമായി ഈ സ്ഥാപനത്തിൽ ഇ-ഹെൽത്ത് പദ്ധതി ഒ.പി. രജിസ്ട്രേഷൻ തലത്തിൽ എത്തി നിൽക്കുന്നു. അക്കാദമിക്ക് നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 കോടി രൂപ ചെലവിൽ ലക്ചർ തിയേറ്റർ കോംപ്ലക്സ് സ്ഥാപിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 5 കോടി ചെലവഴിച്ച് പക്ഷാഘാത ചികിത്സയ്ക്കായി സ്ട്രോക്ക് യൂണിറ്റ് സ്ഥാപിച്ചു.

## കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്

കോട്ടയം മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ആർദ്രം പദ്ധതി പ്രകാരം 8.9 കോടി ചെലവിൽ പ്രൈമറി വെയിറ്റിംഗ് ഏരിയ, ഫാർമസി വെയിറ്റിംഗ് ഏരിയ, ക്യാൻസർ വെയിറ്റിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം.
2. 92 ലക്ഷം ചെലവിൽ കെ.എം.എസ്.സി.എൽ വഴി ടേൺകീ പ്രോജക്ടായി നടത്തുന്നു. സിവിൽ ജോലികൾ പൂർത്തീകരിക്കുകയും ഇലക്ട്രിക്കൽ ജോലികൾക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മെഷീനുകൾക്ക് ഓർഡർ നൽകി.

3. കെ.എം.എസ്.സി.എൽ വഴി എം.ആർ.ഐ സ്കാനിംഗ് സ്ഥാപിക്കുന്നതിനായി ജി.ഇ. ഇലക്ട്രിക്കൽ എന്ന കമ്പനിക്ക് ഓർഡർ കൊടുത്തു കെട്ടിടം പണി ആരംഭിച്ചു.

4. ബേൺസ് യൂണിറ്റ് കെ.എം.എസ്.സി.എൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

5. 5 കോടി രൂപ മുതൽ മുടക്കി മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. സെൻട്രൽ സ്കിൽ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

7. 16 കോടി മുതൽ മുടക്കിൽ ഏകദേശം 120 ബെഡ്ഡുകളും 5 ഓപ്പറേഷൻ തീയറ്ററുകളും 2 ഐ.സി.യു ബെഡ്ഡുകളും എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റുകൾ ഉൾപ്പെടെ രണ്ടാംഘട്ട അത്യാഹിത വിഭാഗംസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

8. അത്യാഹിത വിഭാഗത്തിലെ രോഗികൾക്കുള്ള കാത്തിരിപ്പ് കേന്ദ്രം, ലോക്കൽ ഒ.പി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

9. 6 കോടി മുതൽ മുടക്കിൽ ഹൗസ് സർജൻസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

10. 50 ലക്ഷം മുതൽമുടക്കിൽ ആശുപത്രി സൂപ്രണ്ട് ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

11. ക്യാൻസർ ഐ.സി.യു സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

12. നാല് കോടി മുതൽ മുടക്കിൽ സി.ടി.സിമുലേറ്റർ സ്ഥാപിക്കൽ.

13. 11 കോടി മുതൽ മുടക്കിൽ കെ.എം.എസ്.സി.എൽ വഴി ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കൽ.

14. 560 കോടി മുതൽ മുടക്കിൽ കിഫ്ബി മുഖേന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

15. 25 കോടി ചെലവിൽ പാരാമെഡിക്കൽ ഹോസ്റ്റൽ, മെഡിക്കൽ സർജിക്കൽ സ്റ്റോർ, ഫാർമസി കോളേജ് രണ്ടാംഘട്ടം എന്നിവയുടെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

16. 2 കോടി ചെലവിൽ ടോയ് ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം.

17. സെൻട്രൽ ലാബ് നവീകരണം.

18. ക്യാൻസർ വിഭാഗത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.
   (എ) ടേർഷറി ക്യാൻസർ കെയർ പ്രോജക്ട് - 2017-18 ബജറ്റിൽ 1105 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.
   (ബി) സി.റ്റി.സിമുലേറ്റർ സ്ഥാപിക്കൽ.
   (സി) ഓങ്കോളജി ഐ.സി.യു നിർമ്മാണം.
   (ഡി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാൻസർ ഒ.പി.ഡി-യുടെ നിർമ്മാണം.

19. ഗൈനക്കോളജിയുടെ വിഭാഗത്തിൽ ലക്ഷ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന നവീകരണ പ്രവർത്തനങ്ങൾ.

20. 90 ലക്ഷം മുതൽ മുടക്കിൽ പീഡിയാട്രിക്ക് കാർഡിയാക് തീയറ്റർ ആന്റ് ഐ.സി.യു നിർമ്മാണം.

21. 52 കോടി ചെലവിൽ കാർഡിയോളജി 2nd Phase-നായി പദ്ധതി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

## ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. 173.18 കോടി രൂപ മുതൽ മുടക്കി പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരം സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം.

2. നബാർഡ് ധനസഹായത്തോടെ 30 കോടി രൂപ മുതൽ മുടക്കിൽ ഗൈനക്കോളജി വിഭാഗത്തിന് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം.

3. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ട്രോമോകെയർ യൂണിറ്റ് സ്ഥാപിക്കൽ.

4. ക്യാൻസർ ചികിത്സ രംഗത്ത് അത്യാധുനിക സംവിധാനങ്ങളായ ലീനിയർ ആക്സിലേറ്റർ, സി.ടി.സിമുലേറ്റർ തുടങ്ങിയവ ഈ ആശുപത്രിയിൽ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. 12 കോടി രൂപ മുതൽ മുടക്കി എം.ആർ.ഐ സ്കാനർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 3.36 കോടി രൂപ മുടക്കി ടെലികോബാൾട്ട് മെഷീൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

5. ഒ.പി നവീകരണത്തിനായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 11 കോടി രൂപ മുതൽ മുടക്കി മൾട്ടി ഡിസിപ്ലിനറി ഐ.സി.യു, 24 മണിക്കൂർ അത്യാഹിത വിഭാഗം ഫാർമസി, ലാബ് ഇവ പ്രവർത്തിക്കുന്നത്. ക്യാൻസർ കെയർ സൊസൈറ്റിയുടെ സഹായത്തോടെ ഒരു സി.ടി.സ്കാനും നിലവിൽ പ്രവർത്തിക്കുന്നു. കാർഡിയോളജി വിഭാഗത്തിൽ രോഗികൾക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിനായി 50 ലക്ഷം രൂപ മുതൽ മുടക്കിൽ എച്ച്.ഡി.യു.എസ്.ജി, 44 ലക്ഷത്തിന്റെ ഇലക്ട്രോഫിസിയോളജി യൂണിറ്റ്, 24 ലക്ഷത്തിന്റെ ഐ.എൻ.ആർ മെഷീൻ, 24 ലക്ഷത്തിന്റെ എക്കോ മെഷീൻ ഇവ സജ്ജമാക്കിയിട്ടുണ്ട്.

6. ആർ.സി.സി മാതൃകയിലുള്ള ക്യാൻസർ ചികിത്സ ലഭ്യമാക്കുന്നതിനായി സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓറൽ പത്തോളജി എന്നിവയിൽ അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഓങ്കോളജിയ്ക്ക് വേണ്ടി പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആദ്യ ഗഡുവായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിനെ നെഫ്രോളജി പീഡിയാട്രിക്സ്, കാർഡിയോളജി. മെഡിസിൻ എന്നീ വിഭാഗങ്ങളിൽ. സി.ടി.സിമുലേറ്റർ അധികമായി അനുവദിച്ചിട്ടുണ്ട്.

## തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ്

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി ആകെ 716.07 കോടി രൂപ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർദ്രം, ഇ-ഹെൽത്ത് എന്നീ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. കാത്ത് ലാബ്. ജെറിയാട്രിക് ക്ലിനിക് കീമോ ഡെ കെയർ എന്നിവ പ്രവർത്തനം ആരംഭിച്ചു.

## മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്

മഞ്ചേരി മെഡിക്കൽ കോളേജ് ആർദ്രം പദ്ധതി മുഖേന ഒ.പി നവീകരണം, രോഗീസൗഹൃദപദ്ധതി മുഖാന്തിരം രോഗീ സൗഹൃദമാക്കൽ, എൽഡേർലി ഫ്രണ്ട് ലി പദ്ധതി മുഖാന്തിരം വയോജനസൗഹൃദമാക്കൽ, ഐ.എം.സി.എച്ച് സ്റ്റാൻഡൈസേഷൻ പദ്ധതി പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൗകര്യനവീകരണം. ടെറിഷ്യറി കെയർ പദ്ധതി മുഖാന്തിരം ക്യാൻസർ പരിശോധന ഉറപ്പാക്കൽ, മോഡേൺ ഇമേജിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തൽ എന്നിവയ്ക്കായി പ്രത്യേകം തുക അനുവദിച്ച് രോഗികൾക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്

1. എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിന് മാത്രമായി പ്രത്യേകം സജ്ജമാക്കിയ നാല് നിലകളുള്ള കാർഡിയോളജി ബ്ലോക്കും പ്രസ്തുത ബ്ലോക്കിൽ കിഫ്ബിയുടെ സഹായത്തോടെ 13 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.

2. ഡയാലിസിസ് യൂണിറ്റ് പുതിയ 15 ഡയാലിസിസ് മെഷീനുകളുടെ സഹായത്തോടെ 3 ഷിഫ്റ്റായി പ്രവർത്തനം പുന:ക്രമീകരിച്ചു. ഒരു മാസം ഏകദേശം 310 ഡയാലിസിസ് കേസ്സുകൾ ഈ ആശുപത്രിയിൽ നടത്തി വരുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഡയാലിസിസ് യൂണിറ്റ് നവീകരണത്തിനായി 1 കോടി രൂപ അനുവദിച്ചു. പുതിയ ഡയാലിസിസ് മെഷീനുകൾ ഉൾപ്പെടുത്തി അതിവിപുലമായ സജ്ജീകരണമാണ് ഒരുക്കിയിട്ടുള്ളത്.

3. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 5 കോടി രൂപ ചെലവഴിച്ചു സി.ടി.സ്കാൻ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

4. എം.ആർ.ഐ അടക്കമുള്ള 25 കോടി രൂപയുടെ ഇമേജിംഗ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

5. ആശുപത്രി നവീകരണത്തിനു മാത്രമായി 4.48 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ഇതിന്റെ ഭാഗമായി ഓപ്പറേഷൻ തീയേറ്റർ, ലേബർറൂം, നവജാത ശിശുരോഗ വിഭാഗം, ചില വാർഡുകൾ എന്നിവയുടെ പണി പൂർത്തിയാക്കുകയും, ഐ.സി.യു. ബാക്കി വാർഡുകളുടെ നിർമ്മാണം എന്നിവ പുരോഗമിക്കുകയും ചെയ്യുന്നു.

6. ലേബർ റൂമിനോട് ചേർന്ന് രണ്ട് ഓപ്പറേഷൻ തീയറ്ററുകൾ കൂടി സ്ഥാപിക്കുകയും. നവജാത ശിശുവിഭാഗം പുതിയ വെന്റിലേറ്ററുകൾ ഉൾപ്പെടുത്തി നവീകരിക്കുകയും ചെയ്തു.

7. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 80 ലക്ഷം രൂപ ഉപയോഗിച്ച് മോർച്ചറി നവീകരിച്ചു.

8. സെൻട്രൽ ഓക്സിജൻ പൈപ്പ് ലൈൻ വാർഡുകളിൽ സ്ഥാപിച്ചു.

9. ആർദ്രം പദ്ധതി പ്രകാരം പേഷ്യന്റ് വെയിറ്റിങ്ങ് ഏരിയ, ഡ്രഗ് ഡിസ്പോൻസിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം, ഒ.പി ടോക്കൺ സിസ്റ്റം സ്ഥാപിക്കൽ, ഒ.പി ബാത്ത് റൂമുകളുടെ നവീകരണം, മെഡിസിൻ.ഒ.പി, സൈക്യാട്രി ഒ.പി എന്നിവയുടെ നവീകരണം, വിവിധ ഒ.പി നിലകൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിവ ആരംഭിച്ചു.

10. മുൻ എം.പി ശ്രീ. കെ.വി തോമസിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള സഹായം ഉപയോഗിച്ച് ദിവസേന 500 ടൺ മാലിന്യം സംസ്കരിക്കാവുന്ന ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു.

11. മൈക്രോബയോളജി വിഭാഗത്തിൽ ഇൻഫെക്ഷനുകൾ നേരത്തെ കണ്ടെത്തുന്നതിനായി Bactec മെഷീൻ സജ്ജീകരിച്ചിട്ടുണ്ട്. ടി.ബി രോഗബാധ നേരത്തേ കണ്ടെത്തുന്നതിനായി CBNAAT മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.

12. ഓപ്പറേഷൻ തീയേറ്ററിൽ അത്യാധുനിക ഒ.ടി ലൈറ്റുകളും താക്കോൽദ്വാര ശസ്ത്രക്രിയ ചെയ്യുന്നതിനായി അമേരിക്കൻ നിർമ്മിത മെഷീനുകളും സ്ഥാപിച്ചു.

13. പുതിയ സൂപ്പർ സ്പെഷ്യാലിറ്റി, മാതൃ ശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും വേണ്ടി അനുവദിച്ച 368.75 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി ധനസഹായത്തോടെ INKEL വഴി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

14. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ സ്ഥാപിക്കുന്നതിന് 12.68 കോടി രൂപ സിയാൽ മുഖേന ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

15. കെൽട്രോൺ മുഖേന ഒരു കോടി രൂപയുടെ റൂഫ് ടോപ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

16. പവർ ഗ്രിഡ് കോർപ്പറേഷൻ മുഖേന 1.19 കോടി രൂപ ചെലവിൽ ഹീമോ ഡയാലിസിസ് യൂണിറ്റ് നവീകരണത്തിന് അനുമതി നൽകിയിട്ടുണ്ട്.

17. ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

18. പുതിയ ലേഡീസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു.

19. കാഷ്വാലിറ്റി, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ എന്നിവിടങ്ങളിൽ വെന്റിലേറ്ററും മോണിറ്ററും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പുതുതായി സ്ഥാപിച്ചു.

സെക്ഷൻ ഓഫീസർ